**പതിനാലാം കേരളനിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1254** 04/02/2019 ലെ മറുപടി

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികളുടെ തുടർപഠനത്തിന് 50,000 രൂപ ട്രഷറിയിൽ നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 10 വരെ ക്ലാസ്സുകളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികളുടെ തുടർപഠനത്തിന് 50,000 രൂപ ട്രഷറിയിൽ നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം.163/2016/ പൊവിവ, തീയതി 30.09.2016 ന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്രപേർക്ക് ആനുകൂല്യം നൽകിയെന്ന് അറിയിക്കാമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി' പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കാനുള്ള മുൻ തീരുമാനം റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ.(എം എസ്) നം.163/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 30/09/2016

---

പരാമർശം:- (1) സർക്കാർ ഉത്തരവ് (സാധാ) നം.311/2003/പൊവിവ, തീയതി 22.01.2003
(2) സർക്കാർ ഉത്തരവ് (എം എസ്) നം.08/2013/പൊവിവ, തീയതി 10.01.2013
(3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.10.2014 ലെ എം5/17354/2011/ ഡി പി ഐ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2003 മുതൽ 2013 വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിലുണ്ടായിരുന്ന സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം, മരണപ്പെടുന്ന കുട്ടികൾക്ക് 10,000 രൂപയും മുറിവേൽക്കുന്നവർക്ക് 500 രൂപയുമാണ് നൽകിയിരുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക വളരെ കുറവായതിനാലും ശരിയായ രീതിയിലുള്ള ഇൻഷ്വറൻസ് സ്കീമിന്റെ അഭാവം പരിഹരിക്കുന്നതിനുമായി പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം താഴെപ്പറയും വിധം നടപ്പിലാക്കാൻ ഉത്തരവായി.

i) വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50000 രൂപ

ii) ഗുരുതരമായി പരിക്ക് പറ്റിയാൽ 10000 രൂപ

ഇത്തരത്തിൽ ഉത്തരവായെങ്കിലും 10/01/2013 മുതൽ ഒരു ക്ലയിം പോലും തീർപ്പാക്കാൻ സാധിച്ചിട്ടില്ല എന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും, സർക്കാരിന് നഷ്ടം വരാതിരിക്കാനും, ഗുണഭോക്താക്കൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകളില്ലാതെ യഥാസമയം സഹായം വിതരണം ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാവുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഒരു രക്ഷിതാവ് മരണപ്പെട്ടാൽ ഒരു നിശ്ചിത തുക(അമ്പതിനായിരമോ ഒരു ലക്ഷമോ) ഫിക്സഡ് ഡിപ്പോസിറ്റായി ട്രഷറിയിലിട്ടുകൊണ്ട് കുട്ടിയുടെ പഠനാവശ്യത്തിനായി പലിശയിനത്തിൽ തുക ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നതായിരിക്കും ഉചിതമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി', കുട്ടികൾക്കുണ്ടാകുന്ന എല്ലാ തരത്തിലുള്ള അപകടങ്ങൾക്കും മുൻപ് നിശ്ചയിച്ച പ്രകാരം ഇൻഷ്വറൻസ് തുക നല്കുന്ന തരത്തിലും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കാൻ അനുമതി നൽകിയും, 10/01/2013-ലെ സ.ഉ.(എം.എസ്) നം.08/2013/പൊ.വി.വ പ്രകാരം 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി' കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കാനുള്ള ഉത്തരവ് റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.ഗോപാലകൃഷ്ണ ഭട്ട്**
സെക്രട്ടറി (ഇൻ ചാർജ്ജ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (100634/ഇ ഡി എൻ എ 2/14/ഫിൻ, തീയതി 18.03.2016 പ്രകാരം)
പൊതുഭരണ (എസ് സി ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sreedevi
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ